## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2448 18.06.2014-ൽ മറുപടിക്ക്

## കൽപ്പറ്റ നഗരസഭയിലെ ശുദ്ധജലവിതരണ പദ്ധതി

### ചോദ്യം

ശ്രീ. എം.വി.ശ്രേയാംസ് കുമാർ

എ. കൽപ്പറ്റ നഗരസഭയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

### മറുപടി

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

എ. കൽപ്പറ്റ നഗരസഭയിൽ യു.ഐ.ഡി. എസ്.എസ്.എം.ടി (UIDSSMT) വിഭാഗത്തിൽ ഉൾ പ്പെടുത്തി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു. ഈ പദ്ധതിയുടെ ഭരണാനുമതി 3217 ലക്ഷം രൂപയാണ്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ബ്രിഡ്ജ്, പാനൽ റൂം, റോ വാട്ടർ പംമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ ട്രാൻസ് മിഷൻ മെയിൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന ഘടകങ്ങളുടെ പുരോഗതി താഴെപ്പറയുന്നു.

1. 10 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാല 95 ശതമാനം പൂർത്തീകരിച്ചു.
2. ഗൂഡലായി മേഖലയിലേക്ക് ജലവിതരണം ചെയ്യാനുള്ള ജലസംഭരണി, വിതരണ ശൃംഖല സംമ്പ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - പ്രവൃത്തികൾ 60 ശതമാനം പൂർത്തീകരിച്ചു.
3. റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിച്ചു കഴിഞ്ഞു.
4. ട്രാൻസ് ഫോർമറുകൾ - പ്രവർത്തികൾ 90 ശതമാനം പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| ബി. | പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി. | 4780 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കെ.എസ്.യു.ഡി.പി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. |
| സി. | ഇനിയും നടപ്പാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | സി. | 1.കിണറിന്റെ സംരക്ഷണ പ്രവൃത്തികൾ<br>2. ശുദ്ധീകരണ ശാലയുടെ ചുറ്റ് മതിലും അനുബന്ധ പ്രവൃത്തികളും.<br>3. സോൺ I (എമിലി) ഭാഗത്തേക്കുള്ള ജലസംഭരണിയും വിതരണ ശൃംഖലയും<br>4. സോൺ II (റസ്റ്റ് ഹൗസ്) ഭാഗത്തേക്കുള്ള ജലസംഭരണിയും വിതരണ ശൃംഖലയും സ്ഥാപിക്കൽ<br>5. ശുദ്ധലായി ജലസംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പ് ചെയ്യാനുള്ള പമ്പ് സെറ്റ്.<br>6. നിലവിലുള്ള ജലസംഭരണിയുമായുള്ള ഇന്റർ കണക്ഷൻ പ്രവൃത്തികൾ<br>7. വൈദ്യുതി ലൈൻ നീട്ടുന്ന പ്രവൃത്തികൾ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രവൃത്തിയുടെ വർക്ക് ഓർഡർ<br><br>നൽകിക്കഴിഞ്ഞു. സോൺ I , സോൺ II എന്നിവിടങ്ങളിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്ത് അംഗീകാരത്തിനായി കെ.എസ്.യു.ഡി.പിക്ക് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. വൈദ്യുതി ലൈൻ നീട്ടി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. |
| ഡി. | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഡി. | പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി മുൻസിപ്പാലിറ്റി തലത്തിൽ ഉദ്യോഗസ്ഥൻ മാരുടേയും, കോൺട്രാക്ടർ മാരുടെയും യോഗങ്ങൾ വിളിക്കാറുണ്ട്. പദ്ധതി 31.03.2015 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ